**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2914 — 10.05.2017-ൽ മറുപടിക്ക്

## പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തബാധിതർക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിൽ മരിച്ചവർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായമാണ് അനുവദിച്ചിട്ടുള്ളത്; സർക്കാർ പ്രഖ്യാപിച്ച ഏതെങ്കിലും ധനസഹായം വിതരണം നടത്താത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | എ) | പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണമടഞ്ഞവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000/- രൂപയും വീതം 26.10.2016-ലെ സ.ഉ(സാധാ) നം.4497/2016/ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ 20.04.2016-ലെ സ.ഉ(കൈ) നം.304/2016/റവ നമ്പർ ഉത്തരവ് പ്രകാരം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന്റെ സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റ ഓരോരുത്തർക്കും 2 ലക്ഷം രൂപ വീതവും നിസ്സാര പരിക്കുള്ളവർക്ക് 50,000/- രൂപ വീതവും അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. 16.04.2016-ലെ സ.ഉ (എം.എസ്) നം.303/16/ഡി.എം.ഡി ഉത്തരവ് പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തിരുവനന്തപുരം, കൊല്ലം ജില്ലാകളക്ടർമാർക്ക് 3 കോടി 90 ലക്ഷം രൂപയും. 25.06.2016-ലെ സ.ഉ(സാധാ) നം.2651/ 16/ഡി.എം.ഡി പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കണ്ണൂർ ജില്ലാകളക്ടർമാർക്ക് 1 കോടി 96 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അവകാശിയില്ലാത്തതിനാലും അവകാശ തർക്കം നിലനിൽക്കുന്ന കേസുകളിലും തുക വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. |
| ബി) | ഈ ദുരന്തത്തിന് ഇരയായവർക്ക് നൽകുന്നതിനായി ഏതെങ്കിലും വ്യക്തികളോ സംഘടനകളോ കമ്പനികളോ സർക്കാരിന് എന്തെങ്കിലും തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര തുക സർക്കാരിന് ലഭിയ്ക്കുകയുണ്ടായി; | ബി) | ഉണ്ട്, പുറ്റിംഗൽ ദുരിതാശ്വാസത്തിനായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഭാവനയായി 2,58,78,123/- രൂപ (രണ്ട് കോടി അമ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയെണ്ണാ യിരത്തി നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) പുറ്റിംഗലിലെ വെടിക്കെട്ട് ദുരന്തത്തിന് ഇരയായവർക്ക് സഹായം നൽകുന്നതിനായി സംസ്ഥാന സർക്കാറിന് ലഭിച്ചിട്ടുണ്ട്. |
| സി) | ഇത്തരത്തിൽ ലഭിച്ച തുക ദുരന്തത്തിനിരയായവർക്ക് മാത്രമായാണോ വിതരണം ചെയ്യുന്നത്; ഈ തുക മറ്റേതെങ്കിലും തരത്തിൽ വകമാറ്റിയിട്ടുണ്ടോ; എങ്കിൽ മറ്റേതെല്ലാം ആവശ്യങ്ങൾക്കായാണ് തുക വക മാറ്റിയത്; വിശദാംശം ലഭ്യമാക്കുമോ? | സി) | സംഭാവനയിനത്തിൽ ലഭ്യമായ തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ STSB – 799011400000012 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സംഭാവനയിനത്തിൽ ലഭിച്ച തുക വിനിയോഗിക്കേണ്ടി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ